**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 80** **10-08-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. പി. വി. അൻവർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികളെ സമൂഹത്തിന്റെ ഉന്നതിയിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളെ സമൂഹത്തിന്റെ ഉന്നതിയിലേക്ക് ഉയർത്തി കൊണ്ടു വരുന്നതിന് സ്വീകരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. പ്രീ-മെട്രിക് സ്കോളർഷിപ്പ്<br>2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്<br>3. ഉന്നതി ഓവർസീസ് സ്കോളർഷിപ്പ്<br>4. മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രീമെട്രിക പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, സ്പോർട്ട്സ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ<br>5. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി.<br>6. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.<br>7. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം.<br>8. വിവിധ പൊതു പ്രവേശനപരീക്ഷകൾക്കുള്ള പരിശീലനം.<br>9. ലാപ്ടോപ്പ് വിതരണം<br>10. പഠന മുറി<br>11. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം |

| | | | |
|---|---|---|---|
| | | | 12. വിങ്ങ്സ് - വൈമാനിക പരിശീലന പരിപാടി<br><br>13. നൈപുണ്യ വികസന പരിശീലന പരിപാടികൾ.<br><br>14. ഫ്രീഷിപ്പ് കാർഡ്<br><br>15. വിദ്യാവാഹിനി<br><br>16. വായനശാലകളിൽ സൗജന്യ അംഗത്വം<br><br>17. എംപവർമെന്റ് സൊസൈറ്റി<br><br>18. ഐ.ടി.ഐ.കളിൽ ഹ്രസ്വകാല കോഴ്സ് (Add on Course) |
| (ബി) | പിന്നാക്ക വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ നിർത്തലാക്കിയ പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതിയ്ക്ക് പകരം പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | ഒ.ബി.സി വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പിലെ 1 മുതൽ 8 വരെയുള്ള വിദ്യാർത്ഥികൾക്ക് ലഭിച്ചു കൊണ്ടിരുന്ന സ്കോളർഷിപ്പ് കേന്ദ്രസർക്കാർ നിറുത്തലാക്കിയതിന് പകരമായി പൂർണ്ണമായും സ്കോളർഷിപ്പ് തുക സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി നടപ്പ വർഷം മുതൽ പുതിയ പ്രീമെട്രിക് സ്കോളർഷിപ്പ് ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ? | (സി) | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്ന പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്, ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് എന്നിവ പരിഷ്കരിച്ചിട്ടുണ്ട്. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ലംപ്സം ഗ്രാന്റും, ഹോസ്റ്റൽ ഫീസും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രീമെട്രിക് സ്കോളർഷിപ്പ് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ